മെണ്ടു് കണക്കാക്കീട്ടുണ്ടല്ലൊ. ഇനി അതിലെന്തെങ്കിലും ഒരു മാറ്റം വരുത്തണമെന്നുണ്ടെങ്കിൽ അതായതു്, ഒരാളുടെ ശമ്പളം കൂട്ടണമെന്നുണ്ടെങ്കിൽ മറ്റൊരാളുടെ ശമ്പളം കുറയ്ക്കേണ്ടതായി വരുകയില്ലെ?

റാവു സാഹിബ്ബു് എ. മാധവപ്രഭു: അങ്ങിനെ ഒരു റേറ്റൊന്നും നിശ്ചയിച്ചിട്ടില്ല. ഈ ഫ്രവു, ൦ ൦, ൦ ൦൦ രൂപാ എങ്ങിനെയാണു് വീതിയ്ക്കേണ്ടതു് എന്നുള്ളതു്. ഇപ്പോൾ ആലോചിച്ചുകൊണ്ടിരിക്കുകയാണു്.

Mr. M. K. Raja *(Mulakunnattukavu):* May I know from the Chief Secretary whether the reconsideration is with regard to the principles of the report or with regard to the details thereof?

Rao Sahib A. Madhava Prabhu *(Chief Secretary to Government):* Details and principles, both the things are under consideration.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: ഫ്രവു, ൦൦,൦൦൦ രൂപാ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ളതു വേറെ വല്ല ചിലവിലേയ്ക്കു സപ്ലിമെൻറ്റി ഗ്രാൻറു് കൊണ്ടുവന്നു ട്രാൻസ്ഫർ ചെയ്തു് അതിലേയ്ക്കു ചിലവു ചെയ്യുവാൻ ആവശ്യപ്പെട്ടതാണോ?

റാവു സാഹിബ്ബു് എ. മാധവപ്രഭു: അങ്ങിനെയുള്ള ഉദ്ദേശമൊന്നുമില്ല.

മിസ്റ്റർ പി. നാരായണമേനോൻ: ഒരു റേറ്റനുസരിച്ചു ശമ്പളം വർദ്ധിപ്പിക്കുന്നതാനു് ഫ്രവു ലക്ഷം രൂപാ വേണ്ടിവരുമെന്നു തീർച്ചയാക്കി ഫ്രവു ലക്ഷം രൂപാ നിക്കിവെച്ചതാണൊ, അതൊ ഫ്രവു ലക്ഷം രൂപാ ചിലവാകത്തക്കവിധത്തിൽ സൌകര്യംപോലെ പിന്നീടു് ഓരോരുത്തരുടേയും ശമ്പളം കൂട്ടാനാണൊ ഉദ്ദേശം?

റാവു സാഹിബ്ബു് എ. മാധവപ്രഭു: ഇതിനെ സംബന്ധിച്ചു ഫൈനൽ തീരുമാനമൊന്നുമായിട്ടില്ല. പ്രൊവിഷനൽ തീരുമാനമനുസരിച്ചു് ഇത്ര സംഖ്യ മതിയാകുമെന്നുവെച്ചിട്ടുണ്ടു്. ഫൈനൽ തീരുമാനം വരുമ്പോൾ ഇതുകൊണ്ടുതന്നെ അവസാനിച്ചേക്കാം. അല്ലെങ്കിൽ അല്പം ചില ചില്ലറ ഭേദഗതികൂടി ഉണ്ടായേക്കാം. ഇതിൽ കൂടുതലായി ഇപ്പോൾ ഒന്നും പറയാൻ സാദ്ധ്യമല്ല.

മിസ്റ്റർ പി. ശങ്കരമേനോൻ: ഈ ഫ്രവു ലക്ഷം രൂപാ ഒന്നായിട്ടു കൊടുക്കാനാണെ ഉദ്ദേശം?

റാവു സാഹിബ്ബു് എ. മാധവപ്രഭു: ഒന്നായിട്ടല്ല. ഫ്രവു മാസംകൊണ്ടു്.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: നോൺ ഗസറ്റഡു് ഓഫീസേഴ്സു് ഒരു ആക്ഷൻ കമ്മിറ്റിയെ രൂപീകരിച്ചതായി പത്രത്തിൽ കണ്ട റിപ്പോർട്ടു ശരിയാണൊ?

റാവു സാഹിബ്ബു് എ. മാധവപ്രഭു: ഒരു ആക്ഷൻ കമ്മിറ്റിയെ രൂപീകരിച്ചു എന്നാണു് ഗവമ്മെണ്ടു് അറിയുന്നതു്.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: ഗവമ്മെണ്ടു്, ഉദ്യോഗസ്ഥന്മാരുടെ ഒരു സ്ട്രൈക്കു കൊണ്ടു ഇതു് അവസാനത്തീരുമാനത്തിൽ എത്തുകയൊ എത്തിക്കുകയൊ ചെയ്യുയുള്ളു എന്നു വരുമൊ?

റാവു സാഹിബ്ബു് എ. മാധവപ്രഭു: അങ്ങനെ ഒന്നുമില്ല. സ്ട്രൈക്കു് ചെയ്യാൻ യാതൊരുകാരണവുമില്ല.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: അവർ സ്ട്രൈക്കു് ചെയ്യാൽ ഓർഡർ വേഗത്തിൽ പാസ്സാക്കുമോ?

റാവു സാഹിബ്ബു് എ. മാധവപ്രഭു: സ്ട്രൈക്കു് ചെയ്തു എന്നുവെച്ചു വേണ്ടപോലെ ആലോചിക്കാതെ തീരുമാനിക്കുകയില്ല. സ്ട്രൈക്കു് ചെയ്തില്ലായെന്നുവെച്ചു യാതൊരാമാന്തവും കാണിക്കുകയുമില്ല.

MATTANCHERI LOWER SECONDARY GIRLS' SCHOOL —RAISING TO THE STATUS OF A HIGH SCHOOL

82. ചെയ്ധരി ജി. എസ്സു്. ധാരാസിങ്ങു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവമ്മെണ്ടു ദയവായി മറുപടി പറയുമോ.—

(എ) മട്ടാഞ്ചെരിയിലെ ലോവർ സെക്കണ്ടറി ഗേൾസു് സ്കൂൾ ഒരു ഹൈസ്കൂൾ ആക്കി ഉയർത്തണമെന്നു കാണിച്ചു വല്ല ഹർജികളൊ പ്രമേയങ്ങളൊ ഗവമ്മെണ്ടിനു കിട്ടിയിട്ടുണ്ടൊ;

(ബി) അതിനെക്കുറിച്ചുള്ള വല്ല സ്കീമും ഗവമ്മെണ്ടു തയ്യാറാക്കീട്ടുണ്ടൊ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഡിപ്പാർട്ട്മെണ്ടിൽനിന്നും അതു് ഹൈസ്കൂളാക്കുന്നതു നല്ലതാണെന്നു കാണിച്ചു വല്ല നോട്ടു് കിട്ടിയിട്ടുണ്ടോ;

(ഡി) അതു് അടുത്ത കൊല്ലം മുതൽക്കുതന്നെ ഒരു ഹൈസ്കൂളാക്കി ഉയർത്തുവാൻ ഗവ മെണ്ടു് ഒരുങ്ങുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ :

(എ) ഉവ്വു്.

(ബി) ഉവ്വു്.

(സി) ഉവ്വു്.

(ഡി) ബഡ്ജറ്റിൽ വക കൊള്ളിക്കുന്നുണ്ടു്.

ചൌധരി ജി. എസ്സു്. ധാരാസിംഗു് : അതിനു ബഡ്ജറ്റിൽ എത്ര സംഖ്യ വക കൊള്ളിച്ചിട്ടുണ്ടു് ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : ബഡ്ജറ്റു് എടുത്തു നോക്കിയാൽ കാണാം.

AYURVEDIC HOSPITAL, ERNAKULAM—PARTICULARS REGARDING

83. മിസ്റ്റർ കെ. കൊച്ചുകുട്ടൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവമെണ്ടു് സദയം മറുപടി പറയുമോ.—

(എ) ൧൯൫൰ ചിങ്ങംമുതൽ മേടം അവസാനംവരെ എറണാകുളം ആയുർവ്വേദ ആശുപത്രിയിൽനിന്നും മരുന്നുവാങ്ങി പോയിട്ടുള്ള ഔട്ടുപേഷ്യൻറസു് എത്ര;

(ബി) അതേകാലത്തു അവിടെ കിടത്തി ചികിത്സിച്ചിട്ടുള്ള ആളുകൾ (In-patients) എത്ര;

(സി) ഇതേകാലത്തുതന്നെ തൃശ്ശിവപേരൂർ ആയുർവ്വേദ ആശുപത്രിയിൽനിന്നും ചികിത്സകഴിച്ചു പോയിട്ടുള്ള ഔട്ടുപേഷ്യൻറസു് എത്ര; ഇൻപേഷ്യൻറസു് എത്ര?

റാവു ബഹദൂർ ടി. കെ. നായർ :

(എ) ൭൩, ൩൩൭.

(ബി) ൪ ൦൨.

(സി) ഔട്ടുപേഷ്യൻറസു് ൩൨, ൩൨൭-
ഇൻപേഷ്യൻറസു് ൩ ൪൨.

മിസ്റ്റർ കെ. എസ്സു്. പണിക്കർ : തൃശ്ശിവപേരൂർ ആശുപത്രിയിൽ ഇന്നു കൊടുക്കുന്ന മരുന്നിനേക്കാൾ എത്ര മരുന്നു കൂടുതൽ എറണാകുളം ആശുപത്രിയിൽ അനുവദിച്ചിട്ടുണ്ടു്?

റാവു ബഹദൂർ ടി. കെ. നായർ : കൃത്യമായി പറയാൻ നോട്ടീസ്സു വേണം.

മിസ്റ്റർ കെ. എസ്സു്. പണിക്കർ : തൃശ്ശിവപേരൂർ ആയുർവ്വേദാസ്പത്രിയിലേക്കാൾ ഒരിരട്ടിയിൽ കൂടുതൽ രോഗികളെ എറണാകുളത്തുള്ള ആയുർവ്വേദാസ്പത്രിയിൽ ചികിത്സിച്ചുവരുന്നതായി കണക്കുകൊണ്ടു കാണുന്നതുകൊണ്ടു് തൃശ്ശിവപേരൂർ ആസ്പത്രിയിലേക്കു നിശ്ചയിച്ചിട്ടുള്ളതിനേക്കാൾ ഒരിരട്ടി മരുന്നു എറണാകുളം ആയുർവ്വേദാസ്പത്രിയിലേക്കു കൊടുക്കുന്നുണ്ടെന്നാണൊ വിചാരിക്കേണ്ടതു് ?

റാവു ബഹദൂർ ടി. കെ. നായർ : ഉണ്ടായിരിക്കാമെന്നാണു് തോന്നുന്നതു്.

LEASING OF PORAMBOKE LAND TO THE DEPRESSED CLASSES—DETAILS REGARDING

84. മിസ്റ്റർ കെ. കെ. കണ്ണൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവമെണ്ടു് സദയം മറുപടി പറയുമോ.—

ഭക്ഷ്യോല്പാദനത്തിനുവേണ്ടി അധഃകൃതർക്കു ഫുഡു് പ്രൊഡക്ഷൻ സ്കീംപ്രകാരം പാട്ടത്തിനു കൊടുത്തിട്ടുള്ള പുറംപോക്കു ഭൂമികൾ അവർക്കുതന്നെ പതിച്ചു കൊടുക്കുവാൻ ഗവമെണ്ടു് തീരുമാനിച്ചിട്ടുണ്ടോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി :

ആവക സ്ഥലങ്ങൾ അവർക്കുതന്നെ സ്ഥിരപാട്ടത്തിനു് അനുവദിച്ചു കൊടുക്കുവാൻ ഗവമെണ്ടു് തീരുമാനിച്ചിട്ടുണ്ടു്.

മിസ്റ്റർ കെ. കെ. കണ്ണൻ : എത്ര ഏക്കർ സ്ഥലമാണു് ഇങ്ങിനെ അവർക്കു കൊടുത്തിട്ടുള്ളതു് ?

റാവു സാഹിബു് കെ. അയ്യപ്പൻ : ൧൯൦-ൽ ചിലപ്പോൾ ഏക്കർ വരുമെന്നു തോന്നുന്നു.

LIBRARY ARCHIVES Kerala Legislative Assembly